പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3337      09.04.2013 ൽ മറുപടിയ്ക്ക്

## വിദ്യാർത്ഥികൾക്ക് കെ. പി. സി. ആർ. ആനുകൂല്യം

| ചോദ്യം<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ | | ഉത്തരം<br>ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ കോളേജ് തലത്തിൽ പഠിക്കുന്ന ഒ.ബി.സി. വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് കെ.പി.സി. ആർ ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) | കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ SEBC( Socially and Economically Backward Communities) എന്ന പരിഗണനയിലാണ് KPCR ആനുകൂല്യം നൽകി വരുന്നത്. വാർഷിക വരുമാനം 42000 രൂപയിൽ താഴെയുള്ള റഗുലർ കോളേജുകളിലെ പി.ജി. പ്രൊഫഷണൽ, പോളിടെക്നിക് വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസിന് പുറമെ ലംപ്സം ഗ്രാന്റ്, സ്റ്റൈഫന്റ് എന്നിവയും റഗുലർ കോളേജുകളിലെ, വാർഷിക വരുമാനം 25000 രൂപയിൽ താഴെയുള്ള വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസും നൽകി വരുന്നു. അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുകയും ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുകയും ചെയ്യുന്നു. |
| (ബി) | കൽപറ്റയിലെ എൻ.എം.എസ്.എം. കോളേജിലെ ബി.എ. മാത്സ്, കമ്മ്യൂണിക്കേഷൻ , ഡെവലപ്മെന്റ് ഇക്കണോമിക്സ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പ്രസ്തുത വിദ്യാർത്ഥികൾക്ക് കെ.പി.സി.ആർ. ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | നിലവിലുള്ള ഉത്തരവ് പ്രകാരം സ്വാശ്രയ സ്ഥാപനങ്ങൾക്ക് വിദ്യാഭ്യാസാനുകൂല്യം നല്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**